# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3036 — 21.06. 2013 -ൽ മറുപടിയ്ക്ക്

## ടൗണുകളുടെ മാസ്റ്റർ പ്ലാനുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി |
| (എ) സംസ്ഥാനത്തെ ഏതെല്ലാം ടൗണുകളുടെ മാസ്റ്റർ പ്ലാനുകളാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത് ; | (എ) സംസ്ഥാനത്ത് എല്ലാ പട്ടണങ്ങൾക്കും അവയുടെ ആസൂത്രിത വികസനം സാധ്യമാക്കുന്നതിനായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ 32 നഗരങ്ങളുടേയും രണ്ടാം ഘട്ടത്തിൽ ബാക്കിയുള്ള 29 നഗരങ്ങളുടേയും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**I ഡെവലപ്പ് മെന്റ് പ്ലാൻ (അംഗീകരിച്ചവ)**<br>പരവൂർ (കൊല്ലം ജില്ല), ചങ്ങനാശ്ശേരി, വൈക്കം, തലശ്ശേരി<br><br>**II ഡെവലപ്പ് മെന്റ് പ്ലാൻ (പ്രസിദ്ധീകരിച്ചവ)**<br>മലപ്പുറം., കാസർഗോഡ്, പാല, പത്തനംതിട്ട, ഗുരുവായൂർ, കണ്ണൂർ, തൃശൂർ, കൊല്ലം, അടൂർ, തിരുവനന്തപുരം, നോർത്ത് പരവൂർ<br><br>**III പ്രസിദ്ധീകരണാനുമതി നൽകിയവ)**<br>മൂവാറ്റുപുഴ, കൽപ്പറ്റ<br>**IV ജോയിന്റ് ടൗൺ പ്ലാനിംഗ് കമ്മിറ്റി/ മുനിസിപ്പാലിറ്റിക്ക് സമർപ്പിച്ചവ**<br>കൊച്ചി (കൊച്ചി കോർപ്പറേഷനും തൃപ്പൂണിത്തുറ, കളമശ്ശേരി, ഏലൂർ, തൃക്കാക്കര, മരട് എന്നീ പട്ടണങ്ങളും ഉൾപ്പെടെ), പെരുമ്പാവൂർ, തിരുവല്ല, കായംകുളം, പാലക്കാട്, വടകര, കോതമംഗലം, കോഴിക്കോട്. |

**V കരട് പ്ലാനുകൾ വകുപ്പുതലത്തിൽ പൂർത്തിയാക്കിയവ**

തൊടുപുഴ, കോട്ടയം, അങ്കമാലി

**VI വിവര ശേഖരണം, വിശകലനം ഇവ പൂർത്തിയാക്കി കരട് പ്ലാൻ അന്തിമമാക്കിക്കൊണ്ടിരിക്കുന്നവ**

ഇടുക്കി (മരിയാപുരം & വാഴത്തോപ്പ് ), ആലപ്പുഴ, ആലുവ, നെയ്യാറ്റിൻകര

(ബി) മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) നഗരാസൂത്രണ തത്വങ്ങൾ പ്രകാരമാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. വിശദമായ മാർഗ്ഗരേഖകൾ, ഡേറ്റാ ഫോർമാറ്റുകൾ, ടൂൾ കിറ്റുകൾ, വിശകലന സങ്കേതങ്ങൾ മുതലായവ ഇതിന്റെ ഭാഗമായി തയ്യാറാക്കി നൽകിയിട്ടുണ്ട്.

(സി) മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസികളുടെ സഹായം തേടിയിരുന്നുവോ ; വിശദമാക്കുമോ ?

**(സി)** മാസ്റ്റർ പ്ലാനുകൾ നഗര ഗ്രാമാസൂത്രണ വകുപ്പും അതത് നഗരസഭകളും സംയോജിതമായി ആണ് തയ്യാറാക്കുന്നത്. സമയബന്ധിതമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിലേക്കായി ചില പട്ടണങ്ങളുടെ കാര്യത്തിൽ ഗതാഗത സർവ്വേ നടത്തുന്നതിന് നാറ്റ്പാക് എന്ന ഏജൻസിയുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും സഹായം തേടിയിരുന്നു.

സെക്ഷൻ ഓഫീസർ